**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5205** **21-07-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക സർവ്വകലാശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ദേശീയ തലത്തിൽ നടത്തുന്ന കാർഷിക സർവ്വകലാശാലകളുടെ റാങ്കിംഗിൽ കേരള കാർഷിക സർവ്വകലാശാലക്ക് എത്രാമത്തെ റാങ്കാണ് ഉള്ളത്; | (എ) | ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ 2020 ലെ റാങ്കിംഗിൽ കേരള കാർഷിക സർവ്വകലാശാലയുടെ സ്ഥാനം 28 ആണ്. |
| (ബി) | തുടർച്ചയായി ഒന്നാം റാങ്ക് നിലനിർത്തിയിരുന്ന ഈ സ്ഥാപനത്തിന്റെ റാങ്ക് പിന്നോട്ടായതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ; | (ബി) | കാർഷിക സർവ്വകലാശാലകളുടെ റാങ്ക് നിർണ്ണയിക്കുന്നത് ഐ.സി.എ.ആർ പ്രസിദ്ധീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ്. റാങ്കിങ്ങിന് പരിഗണിക്കുന്ന പ്രധാന ഘടകങ്ങൾ അധ്യാപക വിഭവശേഷി - ഫലസിദ്ധി, ഗവേഷണം, വിജ്ഞാന വ്യാപനം- ഫലപ്രാപ്തി, പിയർ റെക്കഗ്നിഷൻ എന്നിവയിലെ മികവാണ്. 2017 ൽ ആണ് ഐ..സി.എ.ആർ (എ.യു.ആർ.എസ്) റാങ്കിംഗ് നിലവിൽ വന്നത്. 2017 മുതൽ 2020 വരെ സർവ്വകലാശാലയുടെ റാങ്ക് യഥാക്രമം 26, 34, 19, 28 എന്നിങ്ങനെയാണ്. ഐ..സി.എ.ആർ (എ.യു.ആർ.എസ്) റാങ്കിംഗിൽ കാർഷിക സർവ്വകലാശാലക്ക് ഒന്നാം റാങ്ക് ഉണ്ടായിരുന്നില്ല. |
| (സി) | കാർഷിക സർവ്വകലാശാലയുടെ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിനും പൊതുസമൂഹത്തിനും വിനോദസഞ്ചാരികൾക്കും പ്രയോജനകരമായ ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്ന് പദ്ധതികൾ തയ്യാറാക്കുമോ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ